"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുബശ്രീ - ജീവനകാര്യം - ശ്രീ.ഷഫീക്ക് അലി.സി-യുടെ (ക്ലാർക്ക്, അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)ഓഫീസ്, കാസർഗോഡ്) കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1376/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/07/2020

---

പരാമർശം:- 1. 10/05/2013-ലെ 42/2013/ധന നം. സർക്കുലർ.

2. 28/11/2013-ലെ സ.ഉ.(സാധാ)നം.580/2013/ധന.

3. 22/02/2017-ലെ സ.ഉ.(സാധാ)നം.510/2017/ത.സ്വ.ഭ.വ.

4. 28/07/2018-ലെ സ.ഉ.(സാധാ)നം.2065/2018/ത.സ്വ.ഭ.വ.

5. 03/06/2019-ലെ സ.ഉ.(സാധാ)നം.1141/2019/ത.സ്വ.ഭ.വ.

6. കുടുംബശ്രീ ഡയറക്ടറുടെ 15/05/2020-ലെ 2082/ഇ1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള കാസർഗോഡ് അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)ഓഫീസിൽ ക്ലാർക്കായ ശ്രീ.ഷഫീക്ക് അലി.സി-യെ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ പരാമർശം (3) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (5) ലെ ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്രസേവനകാലം 14/04/2020 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ടിയാന്റെ അന്യത്രസേവനകാലം 14/04/2020-ൽ അവസാനിച്ച സാഹചര്യത്തിൽ 15/04/2020 മുതൽ ഒരു വർഷത്തേയ്ക്കു കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (6) പ്രകാരം കുടുംബശ്രീ ഡയറക്ടർ (എ & എഫ്) പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഷഫീക്ക് അലി.സി-യുടെ കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) & (2)-ലെ മാനദണ്ഡങ്ങൾക്കും വിധേയമായി 15/04/2020 മുതൽ 31/07/2020 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) ശ്രീ.ഷഫീക്ക് അലി.സി.യുടെ ദീർഘിപ്പിച്ച നൽകിയ അന്യത്രസേവനകാലം അവസാനിക്കുന്ന തീയതിയായ **31/07/2020-നോ അതിനു മുൻപോ ടിയാനെ കുടുംബശ്രീയിൽ നിന്നും മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്യേണ്ടതും** പ്രസ്തുത വിവരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി മോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ.ഷഫീക്ക് അലി.സി(ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.),കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ